LIBRARY ARCHIVES Kerala Legislative Assembly

കര നെൽകൃഷി

206 (5617) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര പഞ്ചായത്തുകളിലും നിയമസഭാ മണ്ഡലങ്ങളിലും കര നെൽകൃഷി ആരംഭിക്കുവാൻ കഴിഞ്ഞു എന്നു വ്യക്തമാക്കുമോ ; ഇതിലൂടെ കാർഷിക വിളവിൽ എത്രശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു എന്നു വെളിപ്പെടുത്തുമോ ;

(ബി) ഏറ്റവും കൂടുതൽ കരനെൽകൃഷി ആരംഭിച്ച മണ്ഡലവും പഞ്ചായത്തും ഏതാണെന്നു അറിയിക്കുമോ ; ഇപ്രകാരം കരനെൽകൃഷിയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന മണ്ഡലങ്ങൾക്കും പഞ്ചായത്തുകൾക്കും പാരിതോഷികങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 749 പഞ്ചായത്തുകളിലും 117 നിയമസഭാമണ്ഡലങ്ങളിലും കര നെൽകൃഷി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ ശരാശരി 5 ശതമാനം വിളവർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ബി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലും (651 ഹെക്ടർ) കൊല്ലം ജില്ലയിൽത്തന്നെ കുലശേഖരപുരം പഞ്ചായത്തിലുമാണ് (200 ഹെക്ടർ) ഏറ്റവും കൂടുതൽ കരനെൽകൃഷി നടപ്പിലാക്കുന്നത്. ഏറ്റവും കൂടുതൽ കരനെൽകൃഷി നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്കും മണ്ഡലങ്ങൾക്കും പാരിതോഷികം നൽകുന്ന കാര്യം മറ്റൊരവസരത്തിൽ പരിഗണിക്കാവുന്നതാണ്.

ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം

207 (5619) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മോഡേൺ റൈസ്മിൽ പൂർണ്ണമായും പ്രവർത്തന സജ്ജമായ ശേഷം എത്ര അളവ് നെല്ല് ഇവിടെ നിന്നും അരിയാക്കി മാറ്റി എന്ന് വ്യക്തമാക്കുമോ ;

(ബി) മില്ലിന്റെ ശേഷിക്കനുസരിച്ച പ്രവർത്തനം നാളിതുവരെ നടത്തിയിട്ടുണ്ടോ ; മില്ലിന്റെ പ്രവർത്തനശേഷി സംബന്ധിച്ചും പ്രവർത്തിച്ച കാലയളവ് സംബന്ധിച്ചും വിശദാംശം നൽകുമോ ;

(സി) മില്ലിന്റെ പ്രവർത്തനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന തരത്തിൽ മില്ല് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനത്തിനായി ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ?